**പതിനാലാം കേരള നിയമസഭ**
നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1259**

**02.03.2017-ന് മറുപടിയ്ക്ക്**

## അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകൾ

| **ചോദ്യം**<br>ശ്രീ.കെ. ബാബു | **മറുപടി**<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് എത്ര സ്കൂളുകളെയാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഓരോ നിയോജക മണ്ഡലത്തിലേയും തെരഞ്ഞെടുത്ത സ്കൂളുകളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതോടൊപ്പം അദ്ധ്യാപന-അദ്ധ്യയന മേഖലകളിലും കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തികൾ എന്നു മുതൽ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) പ്രസ്തുത പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ